# അല്ലാഹുവെക്കുറിച്ച് അനുയോജ്യമല്ലാത്തത് വിചാരിക്കൽ

അല്ലാഹുﷻ പറഞ്ഞു:

﴿ وَطَآئِفَةٌ قَدْ أَهَمَّتْهُمْ أَنفُسُهُمْ يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ ٱلْجَٰهِلِيَّةِ ۖ
يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن شَىْءٍ ۗ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ ۗ يُخْفُونَ فِىٓ أَنفُسِهِم
مَّا لَا يُبْدُونَ لَكَ ۖ يَقُولُونَ لَوْ كَانَ لَنَا مِنَ ٱلْأَمْرِ شَىْءٌ مَّا قُتِلْنَا هَٰهُنَا ۗ قُل لَّوْ كُنتُمْ
فِى بُيُوتِكُمْ لَبَرَزَ ٱلَّذِينَ كُتِبَ عَلَيْهِمُ ٱلْقَتْلُ إِلَىٰ مَضَاجِعِهِمْ ۖ وَلِيَبْتَلِىَ ٱللَّهُ مَا فِى
صُدُورِكُمْ وَلِيُمَحِّصَ مَا فِى قُلُوبِكُمْ ۗ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴾

(........വേറെ ഒരു വിഭാഗമാകട്ടെ സ്വന്തം ദേഹങ്ങളെപ്പറ്റിയുള്ള ചിന്തയാൽ അസ്വസ്ഥരായിരുന്നു. അല്ലാഹുവെപ്പറ്റി അവർ ധരിച്ചിരുന്നത് സത്യവിരുദ്ധമായ അനിസ്ലാമിക ധാരണയായിരുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടോ? (നബിയേ,) പറയുക: കാര്യമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. നിന്നോട് അവർ വെളിപ്പെടുത്തുന്നതല്ലാത്ത മറ്റെന്തോ മനസ്സുകളിൽ ഒളിച്ചുവെക്കുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്കു വല്ല സ്വാധീനവുമുണ്ടായിരുന്നുവെങ്കിൽ നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല. (നബിയെ,) പറയുക: നിങ്ങൾ സ്വന്തം വീടുകളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങൾ മരിച്ചുവീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ടുവരുമായിരുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാൻ വേണ്ടിയും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാകുന്നു അല്ലാഹു.) (വി.ക്വു. 3:154)

അല്ലാഹുﷻ പറഞ്ഞു:

﴿ ٱلظَّآنِّينَ بِٱللَّهِ ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۖ وَغَضِبَ ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ وَسَآءَتْ مَصِيرًا ﴾

(............അല്ലാഹുവെപ്പറ്റി തെറ്റായ ധാരണ വെച്ചുപുലർത്തുന്നവർ, അവരുടെമേൽ തിന്മയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും അവർക്കുവേണ്ടി നരകം ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരുവാനുള്ള ആ സ്ഥലം എത്രമോശം.) (വി. ക്വു. 48: 6)

ഒന്നാമത്തെ ആയത്തിന്റെ വിഷയത്തിൽ ഇമാം ഇബ്നുൽ ക്വയ്യിം(റ) പറഞ്ഞു: “അല്ലാഹു(സു) തന്റെ തിരുദൂതരെ സഹായിക്കില്ലെന്നും പ്രവാചകൻ(സ)യുടെ കാര്യം നിഷ്പ്രഭമാകുമെന്നും (ഈ ആയത്തിൽ പരാമർശിക്കപ്പെട്ട) ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തനിക്കേറ്റത് അല്ലാഹുവിന്റെ ‘ക്വദ്റ്’ കൊണ്ടോ ‘ഹിക്മത്ത്’ കൊണ്ടോ അല്ല എന്നും പ്രസ്തുത ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ‘ഹിക്മത്തി’നേയും ‘ക്വദ്റി’നേയും നിഷേധിക്കലായും പ്രസ്തുത ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു അവന്റെ ദൂതന്റെ കാര്യം (ദീൻ) പൂർത്തീകരിച്ച് കൊടുക്കുമെന്നതിനേയും പ്രസ്തുത ദീനിനെ മറ്റുമതങ്ങളുടെമേൽ അതിജയിപ്പിക്കുമെന്നതിനേയും നിഷേധിക്കലായി ഈ ഊഹം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഇതത്രെ സൂറത്തുൽ ഫത്ഹിൽ കപടവിശ്വാസികളും ബഹുദൈവ വിശ്വാസികളും ഊഹിച്ചതായ ചീത്ത വിചാരം. അല്ലാഹുവെക്കുറിച്ചും അവന്റെ ‘ഹിക്മത്തി’നും, സ്തുതിക്കും, സത്യസന്ധമായ കരാറിനും അനുയോജ്യമല്ലാത്തത് വിചാരിച്ചതാണ് അവരുടെ ധാരണ ചീത്തയാകുവാൻ കാരണം.

ആരെങ്കിലും അല്ലാഹുവിനെക്കുറിച്ച് സത്യം നിഷ്പ്രഭമാകുമാറ് സത്യത്തിനെതിരിൽ അവൻ അസത്യത്തെ സഹായിക്കുമെന്ന് ധരിച്ചാൽ, അല്ലാഹുവിന്റെ ‘ക്വദാ ക്വദ്റി’ൽ സംഭവിക്കുന്നതിനെ നിഷേധിച്ചാൽ, മുഴുവൻ സ്തുതികളും അർഹിക്കും വിധം തികഞ്ഞ ‘ഹിക്മത്തോ’ട് കൂടിയാണ് അല്ലാഹുവിന്റെ ‘ക്വദ്റ്’ (വിധിനിർണയം) എന്നതിനേയും ആരെങ്കിലും നിഷേധിച്ചാൽ, മാത്രമല്ല കേവലം ‘മശീഅത്’ (ഉദ്ദേശം) മാത്രമേയുള്ളു (യാതൊരു ‘ഹിക്മത്തു’മില്ല) എന്ന് ആരെങ്കിലും ജൽപ്പിക്കുകയും ചെയ്താൽ ഈ കാര്യങ്ങളെല്ലാം സത്യനിഷേധികളുടെ ചീത്തധാരണകളാണ്. അല്ലാഹു(സു) പറയുന്നു: (ആകയാൽ സത്യനിഷേധികൾക്ക് നരകശിക്ഷയാൽ മഹാനാശം!) (വി. ക്വു. 38: 27)

തങ്ങൾക്ക് പ്രത്യേകമായ വിഷയങ്ങളിലാകട്ടെ മറ്റുള്ളവരിൽ അല്ലാഹു(സു) ചെയ്യുന്നവിഷയങ്ങളിലാകട്ടെ അധികജനങ്ങളും, അല്ലാഹു(സു)യെക്കുറിച്ച് ചീത്ത ധാരണ കൊണ്ടുനടക്കുന്നു. അല്ലാഹു(സു)യുടെ

നാമവിശേഷണങ്ങളേയും അവന്റെ 'ഹംദി'നേയും 'ഹിക്മത്തി'നേയും അനിവാര്യമാക്കുന്ന കാര്യങ്ങളേയും അറിഞ്ഞ് മനസ്സിലാക്കിയ വരല്ലാതെ അതിൽ നിന്ന് രക്ഷപ്പെട്ടിട്ടില്ല.

ആയതിനാൽ സ്വന്തം നഫ്സിനോട് ഗുണകാംക്ഷയുള്ള ബുദ്ധിമാൻ ഇത് കണക്കിലെടുക്കട്ടെ. തന്റെ റബ്ബിനെക്കുറിച്ച് ചീത്ത യായ ധാരണ കൊണ്ടുനടന്നവൻ അല്ലാഹുﷻയോട് 'ഇ സ്തിഗ്ഫാറി'നെ തേടട്ടെ. തൗബ ചെയ്യട്ടെ.....

താങ്കൾ ജനങ്ങളിൽ ഒന്നുകണ്ണോടിച്ചാൽ 'ഖദ്റി'നെതിരിൽ ഉപദ്രവകരമായത് കൊണ്ടുനടക്കുകയും അതിനെ ആക്ഷേപിക്കു കയും ചെയ്യുന്നത് കാണാം. 'അത് ഈ രീതിയിലാകലായിരുന്നു സംഗതം' (എന്നിങ്ങനെ 'ഖദ്റി'നെതിരിൽ സംസാരിക്കും) ഈ വിഷയത്തിൽ ആളുകൾ ചിലർ കൂടുതൽ പറയുന്നവരാണ്. മറ്റുചിലർ കുറച്ച് സംസാരിക്കുന്നവരാണ്. താങ്കൾ സുരക്ഷിതനാണോ ഈ വിഷയത്തിൽ എന്ന് താങ്കൾ താങ്കളെപ്പറ്റി പരിശോധിക്കുക. ഒരു കവി പാടി:

താങ്കൾ അതിൽ നിന്നു രക്ഷപ്പെട്ടുവെങ്കിൽ
വലിയ വിപത്തിൽ നിന്നാണ് താങ്കൾ രക്ഷപ്പെട്ടത്.

അല്ലെങ്കിൽ ഞാൻ താങ്കളെ രക്ഷപ്പെട്ടവനായി വിചാരിക്കുന്നില്ല.
(സാദുൽ മആദ് 3: 228_235)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ആലുഇംറാനിലെ ആയത്തിന്റെ തഫ്സീർ.
- സൂറത്തുൽ ഫത്ഹിലെ ആയത്തിന്റെ തഫ്സീർ
- 'ളന്ന്' (ഊഹം) വിവിധങ്ങളാണെന്നും അവ അഗണ്യങ്ങളാണെന്നുമുള്ള പ്രവചനം.
- അല്ലാഹുﷻയുടെ 'അസ്മാഉ സ്വിഫാത്തുകൾ' (നാമവിശേഷണങ്ങൾ) അറിഞ്ഞുമനസ്സിലാക്കിയവരും സ്വന്തത്തെ അറിഞ്ഞവരുമല്ലാതെ അതിൽ നിന്ന് രക്ഷപ്പെടില്ല.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**